(ബി) ഇവയിൽ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; ഓരോ പദ്ധതിക്കും എത്ര തുക വീതം പിൻവലിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയായാണെന്നും അടിക്കടിയുണ്ടാകുന്ന ബോട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാക്രമീകരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) 50 കോടി ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും പദ്ധതി ചെലവുകൾക്ക് പ്രത്യേകിച്ച് തുകയൊന്നും മാറ്റിയിട്ടില്ല.

കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്

339(2808) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-6-2012-ൽ 44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 24-6-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ജിറ്റ്പാക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. പ്രസ്തുത മാസ്റ്റർ പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly